# കൊല്ലം ജില്ലയിൽ, പുനലൂർ താലൂക്കിലെ അഞ്ചൽ, ഇടമുളയ്ക്കൽ എന്നീ വില്ലേജുകളിൽ അഞ്ചൽ ബൈപാസ് നിർമ്മാണത്തിന് വേണ്ടിയുള്ള സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട്.

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ ബൈപാസ് നിർമ്മാണത്തിനായി അഞ്ചൽ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന 14 സർവെ സബ് ഡിവിഷനിൽ നിന്നും, ഇടമുളയ്ക്കൽ വില്ലേജിൽ ഉൾപ്പെട്ടു വരുന്ന 3 സർവെ സബ് ഡിവിഷനിൽ നിന്നും ഉൾപ്പെട്ട 33.93 ആർസ് വസ്തു ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന സാമൂഹിക ആഘാതത്തെക്കുറിച്ച് പഠിച്ച്, കൊല്ലം ഐഡിയൽ കൺസൾട്ടൻസി സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹു. കൊല്ലം ജില്ലാ കളക്ടറുടെ 12-02-2020 ലെ നമ്പർ എൽഎ3-49777/17 എന്ന നടപടിക്രമമനുസരിച്ച് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു.

## വിദഗ്ദ്ധ സമിതി

| | | |
|---|---|---|
| 1. | ശ്രീ. ജേക്കബ്. എം.ജെ<br>അസിസ്റ്റന്റ് എൻജിനീയർ (റിട്ടയേർഡ്)<br>പി.ഡബ്ല്യൂ.ഡി. | ചെയർമാൻ |
| 2. | ശ്രീ. വി. ജയപ്രകാശ്<br>ഡെപ്യൂട്ടി കളക്ടർ (റിട്ടയേർഡ്) | അംഗം |
| 3. | ശ്രീ.ജെ.വേണുഗോപാലൻ<br>തഹസീൽദാർ (റിട്ടയേർഡ്) | അംഗം |
| 4. | ശ്രീ. അജീഷ്. കെ.എസ്<br>അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം |
| 5. | ശ്രീ. ദീപക്.എസ്.<br>അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ | അംഗം |
| 6. | ശ്രീമതി. ജ്യോതി വിശ്വനാഥ്<br>മെമ്പർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | അംഗം |
| 7. | ശ്രീമതി അനില ഷാജി<br>മെമ്പർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | അംഗം |

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ ആയൂർ-അഞ്ചൽ റോഡും അഞ്ചൽ-പുനലൂർ റോഡും ബന്ധിപ്പിച്ചാണ് അഞ്ചൽ ബൈപാസ് നിർമ്മിക്കുന്നത്.

ആയൂർ-അഞ്ചൽ റോഡിൽ ഇടമുളയ്ക്കൽ കുരിശുംമൂട് ജംഗ്ഷനിൽ നിന്നും ഉദ്ദേശം 50 മീറ്റർ കഴിഞ്ഞ് വടക്കോട്ടും അഞ്ചൽ-പുനലൂർ റോഡിൽ ആർ.ഒ. ജംഗ്ഷനിൽ നിന്നും വടക്കോട്ട് ഏകദേശം 800 മീറ്റർ ചെല്ലുമ്പോൾ സെന്റ് ജോർജ്ജ് സ്കൂളിന് മുന്നിൽ ചേരത്തക്കവണ്ണമാണ് പ്രസ്തുത ബൈപാസ്. ടി ബൈപാസിന്റെ നിർമ്മാണം 2.16 കി.മീ നീളത്തിലും 18 മീ. വീതിയിലുള്ള റോഡിന്റെ പല ഭാഗത്തായിട്ടാണ് ഏറ്റെടുക്കേണ്ട ഭൂമി ചെറിയ ചെറിയ ഭാഗങ്ങളായിട്ടാണ് സ്ഥിതി ചെയ്യുന്നത്. നിലവിലെ അലൈൻമെന്റ് അനുസരിച്ച് ഭൂമി ഏറ്റെടുത്തപ്പോൾ ചില ഭാഗങ്ങൾ വിട്ടുപോയിട്ടുള്ളതും എന്നാൽ വിട്ടുപോയ ഭാഗങ്ങൾ നിലവിലെ അലൈൻമന്റിനുള്ളിലുമാണ് സ്ഥിതി ചെയ്യുന്നത്. ഈ ഭാഗങ്ങൾ കൂടി ഏറ്റെടുത്താൽ മാത്രമേ പ്രസ്തുത റോഡ് നിർമ്മിക്കാൻ കഴിയുകയുള്ളൂ.

കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 34 ൽ റീ സർവെ നമ്പർ 326/27, 326/29, 368/27, 368/28, 368/29, 390/21, 390/22, 394/27, 394/28, 394/29, 394/30, 394/32, 394/34, 394/35 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട വസ്തുക്കളും, ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 29 ൽ റീ സർവെ നമ്പർ 359/24, 359/26, 359/28 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട വസ്തുക്കളും ഉൾപ്പെടെ ആകെ 33.93 ആർസ് വസ്തുക്കളാണ് ഏറ്റെടുക്കേണ്ടത്.

ഈ ബൈപാസ് നിർമ്മാണം പൂർത്തീകരിച്ചാൽ അഞ്ചൽ പട്ടണത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് പരിഹാരമാണ്. ആയത് പൊതുജനത്തിന് ഏറ്റവും ഉപകാരപ്രദവുമാണ് ഈ പദ്ധതിയെന്നും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനുമാണ്.

20-06-2020 ൽ വിദഗ്ദ്ധ സമിതി സംയുക്തമായി പദ്ധതി പ്രദേശം സന്ദർശിച്ചു.

26-06-2020 -ൽ വിദഗ്ദ്ധസമിതി അഞ്ചൽ മിനി സിവിൽ സ്റ്റേഷൻ കോൺഫറൻസ് ഹാളിൽ യോഗം കൂടുകയും വിവരശേഖരണത്തിന്റേയും സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായ ചർച്ച നടത്തുകയും ചെയ്തതിന് ശേഷമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

## വിദഗ്ദ്ധ സമിതിയുടെ അഭിപ്രായങ്ങളും ശുപാർശകളും

ദീർഘമായ പരിശോധനകൾക്കും നിരീക്ഷണങ്ങൾക്കും ചർച്ചകളുടേയും അടിസ്ഥാനത്തിൽ താഴെ പറയുന്ന അഭിപ്രായങ്ങളും ശുപാർശകളും കൈക്കൊള്ളുകയും ആയത് ഇവിടെ സമർപ്പിക്കുകയും ചെയ്യുന്നു.

1. കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിലെ അഞ്ചൽ, ഇടമുളയ്ക്കൽ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ടു വരുന്ന 33.93 ആർസ് ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത് എന്ന് ശുപാർശ ചെയ്യുന്നു.

| ക്രമ നമ്പർ | വില്ലേജ് | റീസർവ്വേ ബ്ലോക്ക് നമ്പർ | റീസർവ്വേ നമ്പർ | വിസ്തീർണ്ണം (ആർ) | റിമാർക്സ് |
|---|---|---|---|---|---|
| 1. | ഇടമുളയ്ക്കൽ | 29 | 359/24 | 02.11 | |
| 2. | ,, | ,, | 359/26 | 01.15 | |
| 3. | ,, | ,, | 359/28 | 01.35 | |
| 4 | അഞ്ചൽ | 34 | 326/27 | 05.30 | |
| 5 | ,, | ,, | 326/29 | 01.42 | |
| 6 | ,, | ,, | 368/27 | 00.70 | |
| 7 | ,, | ,, | 368/28 | 01.80 | |
| 8 | ,, | ,, | 368/29 | 01.73 | |
| 9 | ,, | ,, | 390/21 | 00.60 | |
| 10 | ,, | ,, | 390/22 | 01.10 | |
| 11 | ,, | ,, | 394/27 | 00.30 | |
| 12 | ,, | ,, | 394/28 | 01.40 | |
| 13 | ,, | ,, | 394/29 | 02.90 | |
| 14 | ,, | ,, | 394/30 | 04.25 | |
| 15 | ,, | ,, | 394/32 | 02.70 | |
| 16 | ,, | ,, | 394/34 | 00.62 | |
| 17 | ,, | ,, | 394/35 | 04.50 | |
| | | | ആകെ | 33.93 | |

2. പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ വിസ്തീർണ്ണമായ 33.93 ആർസ് ഭൂമി മാത്രമേ ഏറ്റെടുക്കുവാനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളൂ എന്നും ആയത് ഈ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

3. പ്രസ്തുത പദ്ധതിക്കായി ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും ആകയാൽ ആയത് ഈ സമിതി ശുപാർശ ചെയ്യുന്നു. ടി റോഡ് വികസനത്തിന് അനുയോജ്യമായ മറ്റ് സ്ഥലങ്ങളില്ല.

4. പട്ടിക പ്രദേശത്തെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സാദ്ധ്യമായ അവസാനത്തെ വഴി ആയതിനാൽ മേൽപ്പറഞ്ഞ 33.93 ആർസ് സ്ഥലം നിലവിലുള്ള നിയമം അനുസരിച്ച് നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് ഈ സമിതി ശുപാർശ ചെയ്യുന്നു.

നിലവിലെ അലൈൻമെന്റിൽ നിന്നും മാറ്റം വരുത്തുക അസാദ്ധ്യമാണെന്നും മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കുക എന്നത് അഭികാമ്യമല്ലെന്നും ഈ സമിതി ശുപാർശ ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുവാൻ നിർദ്ദേശിച്ച പഠന ഏജൻസിയുടെ നിഗമനം ശരിയാണെന്നും അഞ്ചൽ പ്രദേശത്തെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്നതാണ് ഈ പദ്ധതിയെന്നും ആകയാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കാമെന്ന് ഈ വിദഗ്ദ്ധ സമിതി ഒറ്റക്കെട്ടായി അഭിപ്രായപ്പെടുന്നു.

ചെയർമാൻ
വിദഗ്ദ്ധ സമിതി
അഞ്ചൽ ബൈപാസ്